# ആഫ്രിക്കൻ ജനതയുടെ പൗരബോധം

## ചില ടാൻസാനിയൻ അനുഭവങ്ങൾ

അനിൽകുമാർ, ധന്യ

(തുടർച്ച)



**പൊതുമേഖലയിലുള്ള** ഗതാഗത സംവിധാനങ്ങൾ ഒന്നും ടാൻസാനിയയിൽ ഇല്ലെന്നു തന്നെ പറയാം. വൻ പട്ടണങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സ്വകാര്യ ബസ് സർവീസ് നിലവിലുണ്ട്. എല്ലാ ആധുനിക സൗകര്യങ്ങളും ഉള്ള ഇത്തരം ബസ് സർവീസുകൾ ഉപയോഗിക്കുക എന്നത് വളരെ ചെലവേറിയതാണ്. മാത്രമല്ല, ഇത്തരമ സർവീസുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ സർക്കാരിന് പങ്കൊന്നുമില്ല. യാത്രക്കാരുടെ ലഭ്യതയും സീസണും അനുസരിച്ച് ബസ് മുതലാളിമാർ തന്നെ നിരക്ക് നിർണ്ണയിക്കുന്ന രീതിയാണ് പൊതുവെ നിലനിൽക്കുന്നത്. വിദേശികളാണ് ബസിൽ കയറുന്നതെങ്കിൽ പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. എന്റെയൊരു സുഹൃത്തിനുതന്നെ ലുഷാട്ടോയിൽ നിന്നും ദാർ എസ് സലാമിലേക്ക് ഉള്ള യാത്രയ്ക്കിടയിൽ ഇത്തരമൊരനുഭവമുണ്ടായി. സാധാരണ നിരക്കായ 7000 ഷില്ലിങിനു പകരമായി വിദേശിയായതു കൊണ്ടു മാത്രം 28000 ഷില്ലിങ് കൊടുക്കേണ്ടി വരുന്ന അവസ്ഥയുണ്ടായി. അതിനെ ചോദ്യം ചെയ്തപ്പോൾ അത്രയും തരാൻ കഴിയില്ലെങ്കിൽ വഴിയിൽ ഇറങ്ങണമെന്നാണ് ജീവനക്കാർ നിർദ്ദേശിച്ചത്. ബസ് ചാർജ്ജ് പത്തോ പതിനഞ്ചോ ശതമാനം കൂടുമ്പോൾ ബസുകൾ കല്ലെറിഞ്ഞു തകർക്കുന്ന കേരളീയ മനസ്സ് നമ്മുടെ യാത്രാസൗകര്യത്തെ ടാൻസാനിയയിലെതുമായി ഒന്നു താരതമ്യം ചെയ്യുന്നത് നന്നായിരിക്കും.

### സാമൂഹ്യ ജീവിതം

ഇന്ത്യയിലെ എന്നതു പോലെ തന്നെ ടാൻസ്നിയയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് സ്ഥിതി ചെയ്യുന്നത് എന്നു പറയാം. ചുരുക്കം ചില പട്ടണങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളും ഒഴിച്ചാൽ ടാൻസാനിയ മുഴുവൻ ഗ്രാമങ്ങളാണ്. വ്യവസായങ്ങൾ കാര്യമായി ഒന്നും തന്നെ ഇല്ലാത്ത ഈ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ വിനോദസഞ്ചാരത്തിലും ഖനി മേഖലകളിൽ നിന്നും കൃഷിയിൽ നിന്നുമാണ്. രാജ്യത്തെ അറുപത് ശതമാനത്തിൽ കൂടുതൽ ജനങ്ങളും കൃഷിയെ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നു. തേയിലയും കാപ്പിയും സിസലുമാണ് (-സിസൽ - കൈത പോലെയുള്ള ഒരിനം ചെടി. ഇതിന്റെ നാരുകൾ വാണിജ്യപ്രാധാന്യമുള്ളവയാണ് ) നാണ്യവിളയായി പ്രധാനമായും കൃഷി ചെയ്യുന്നത്. അവയെല്ലാം തന്നെ വൻകിട എസ്റ്റേറ്റുകളായി തദ്ദേശികളുടെയും അതിൽ കൂടുതലായി വിദേശികളുടെയും അധീനത്തിലാണ്. കുടുംബത്തിന്റെ പ്രധാന വരുമാനം പച്ചക്കറി - ധാന്യ കൃഷിയിൽ നിന്നുള്ളവയാണ്. അതു തന്നെ നിസ്സാര വിലയ്ക്ക് കൊടുക്കേണ്ടി വരുന്ന ഈ കർഷകരുടെ ജീവിതം തീർത്തും ദുരിതപൂർണ്ണമാണ്. ഒരു ശരാശരി തൊഴിലാളിക്ക് ഒരു ദിവസം കിട്ടുന്ന വേതനം 1000 ഷില്ലിങ് (40 രൂപ) മാത്രമാണ്. ഇങ്ങനെയൊരു വേതനത്തിന് പണിയെടുക്കാൻ തയ്യാറായാൽ തന്നെ പണി ലഭിക്കുന്നത് വളരെ വിരളമാണ്. പലപ്പോഴും സർക്കാരിന്റെ ഏതെങ്കിലും പ്രൊജക്ടുകളിൽ കരാറുകാരുടെ കൂടെ താൽക്കാലിക ജീവനക്കാരായി ജോലി ചെയ്യുന്നവരാണ് ഭൂരിഭാഗം തൊഴിലാളികളും. പിന്നെ വൻകിട എസ്റ്റേറ്റുകളിൽ സ്ഥിരം തൊഴിലാളികളായി കുറെ പേർ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു. കാർഷിക മേഖലയിൽ കർഷകത്തൊഴിലാളികൾ എന്നൊരു വിഭാഗം ഇല്ലെന്നു പറയാം. എല്ലാവർക്കും സ്വന്തമായി കൃഷിയിടങ്ങളില്ലാത്തതിനാൽ എല്ലാ ഗ്രാമങ്ങളിലും തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. പൊതുവെ സമൂഹത്തിൽ കൂടുതലധ്വാനിക്കുന്നതായി കണ്ടു വരുന്നത്. വീട്ടു ജോലികൾക്കു പുറമെ കുടുംബം പുലർത്താൻ വേണ്ടി അന്തിയോളം കൃഷിയിടങ്ങളിൽ പണിയെടുക്കാൻ വിധിക്കപ്പെട്ടവരാണ് സ്ത്രീകളിലേറെയും. പുരുഷൻമാർ മിക്കവാറും ഒന്നിലധികം വിവാഹം കഴിക്കുന്നതു കൊണ്ടു തന്നെ കുട്ടികളെ നോക്കേണ്ട ഉത്തരവാദിത്തം പ്രധാനമായും സ്ത്രീകളുടെ ചുമലിൽ തന്നെയാണ് വരുന്നത്. എല്ലാ ഗ്രാമങ്ങളിലും അവരുടെതായ മദ്യ ഉൽപാദന - ഉപഭോഗ രീതികൾ നിലവിലുണ്ട്. ഗ്രാമങ്ങളിൽ സുലഭമായി കാണുന്ന ഇത്തരം മദ്യശാലകൾ വൈകുന്നേരമാവുന്നതോടുകൂടി സജീവമാകും. സ്ത്രീകളും കുട്ടികളും പുരുഷന്മാരും ഒരു പോലെ മദ്യപിക്കുന്നത് അവിടെ വളരെ സ്വാഭാവികമായ ഒരു കാര്യമാണ്. കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾക്ക് മാന്യമായ സ്ഥാനം ലഭിക്കുന്നുണ്ട്. മദ്യപിച്ച് ലക്കുകെട്ട അവസ്ഥയിൽ സ്ത്രീകൾ റോഡിലൂടെ നടന്നു പോകുന്നത് നമുക്ക് ചിന്തിക്കാനാകില്ലെങ്കിലും ടാൻസാനിയൻ ഗ്രാമങ്ങളിലും പട്ടണങ്ങളിലും അത് സ്വാഭാവികമായ കാര്യമാണ്. എന്നാൽ ഏതു സാഹചര്യത്തിലും സ്ത്രീകൾക്കു നേരെ അതിക്രമങ്ങളുണ്ടാകുന്നില്ല എന്നത്, ആഫ്രിക്കൻ ജനതയുടെ പൗരബോധത്തിന്റെയും പരസ്പര ബഹുമാനത്തിലധിഷ്ഠിതമായ ബന്ധങ്ങളുടെയും പ്രകടമായ ഉദാഹരണമാണ്. ഏതു രാത്രിയിലും ഒറ്റയ്ക്ക് സ്ത്രീകൾക്ക് സഞ്ചരിക്കാൻ കഴിയുക എന്ന അവസ്ഥ നേടിയെടുക്കാൻ മലയാളി എത്ര യുഗങ്ങൾ കാത്തിരിക്കേണ്ടി വരും? പട്ടണങ്ങളിലെ മിക്കവാറും മദ്യശാലകൾ നടത്തുന്നതും മദ്യം വിളമ്പുന്നതും സ്ത്രീകൾ തന്നെയാണ്. ഇങ്ങനെയൊക്കെയാണ് സാധാരണ ജീവിതസാഹചര്യങ്ങളെങ്കിലും പൊതുവെ ടാൻസാനിയക്കാർ സന്തുഷ്ടരാണെന്ന് പറയാം. മക്കൾ ഉണ്ടാകുന്നതോടു കൂടി അവർക്ക് സമ്പാദ്യം കരുതി വയ്ക്കുകയും വീടുകളിൽ അവർക്കുവേണ്ടി ഒരു മുറി മാറ്റി വയ്ക്കുകയും ചെയ്യുന്ന മലയാളിക്ക് ഒരു പക്ഷെ ടാൻസാനിയൻ സാമൂഹ്യജീവിതം മനസ്സിലാകണമെന്നില്ല. കടുത്ത ദാരിദ്ര്യത്തിലും അനിശ്ചിതത്തിലും ടാൻസാനിയക്കാർ ആഘോഷപൂർവ്വമായ ജീവിതമാണ് നയിക്കുന്നത്. കളങ്കമില്ലാത്ത, പരസ്പരസ്നേ

ഹത്തിലധിഷ്ഠിതമായ അവരുടെ ജീവിതവ്യവസ്ഥ ഒരു പക്ഷേ നാളെയെക്കുറിച്ചുള്ള വ്യാകുലതകൾ ഇല്ലാത്തതു കൊണ്ടാകാം. ടാൻസാനിയക്കാർ പരസ്പരം കണ്ടുമുട്ടുമ്പോൾ അവർക്ക് സ്നേഹബന്ധങ്ങൾ ഊട്ടിയുറപ്പിക്കണമെങ്കിൽ പരസ്പരം പരിചയമേ ആവശ്യമില്ല. നമുക്ക് ഇതുവരെ സ്വായത്തമാക്കാൻ കഴിയാത്ത ഒരു ജീവിത വീക്ഷണമാണ് പരിചയക്കാരും അല്ലാത്തവരും ഓരോ ദിവസവും ആദ്യം കണ്ടുമുട്ടുമ്പോൾ, ആ ദിവസത്തെക്കുറിച്ചുള്ള ശുഭദിന ആശംസകൾ കൈമാറുക എന്നുള്ളത്. ആദ്യം കണ്ടു മുട്ടുന്ന ടാൻസാനിയക്കാർ ഹബാരി എന്ന് സംബോധന ചെയ്യുന്നതോടുകൂടി അവർ ഏറ്റവും നല്ല ബന്ധം സൂക്ഷിക്കുന്ന ടാൻസാനിയക്കാർ ആകുന്നു. അതിന്റെ കിസാഹിലിയിലുള്ള അർത്ഥം താങ്കൾക്ക് സുഖമാണോ ഉത്തരമായി അവർ നിസൂരി (ഞാൻ ശാന്തനും ആരോഗ്യവാനുമാണ്) എന്നും പറയും. പ്രായം കുറഞ്ഞവർ മുതിർന്നവരോടാണെങ്കിൽ അത് ഷിക്കാമോ (ഞാൻ നിങ്ങളുടെ കാലിൽ വീണു നമസ്കരിക്കുന്നു) എന്നാകും. ഉത്തരമായി മറഹബ (താങ്കളുടെ വിനയത്തെ ഞാൻ ബഹുമാനിക്കുന്നു) എന്നു പറയുന്നതോടു കൂടി അവരുടെ ആ ദിവസത്തെ ബന്ധങ്ങൾ പരസ്പരസ്നേഹത്തിലും ബഹുമാനത്തിലും അധിഷ്ഠിതമായ വലിയ മൂല്യങ്ങൾ ഉൾക്കൊണ്ടാകുന്നു. ഇതു കൊണ്ടു തന്നെയാണെന്നു പറയാം സമൂഹത്തിൽ പരസ്പര കലഹങ്ങൾ വളരെ കുറവാണ്. ഒരാൾ മറ്റൊരാളെ ആക്രമിക്കുക എന്നുള്ള മനുഷ്യന്റെ വന്യമായ പ്രവണതകൾ അവിടെ വളരെ കുറവായതുപോലെ തോന്നുന്നു. ഇക്കഴിഞ്ഞ ജനുവരിയിൽ അവിടുത്തെ പൊതുതെരഞ്ഞെടുപ്പായിരുന്നു. ടാൻസാനിയയുടെ മൂന്നാമത്തെ പ്രസിഡന്റായി അവിടുത്തെ ഭരിക്കുന്ന പാർട്ടിയുടെ പ്രധിനിധിയായി (C.C.M), മുൻ മഗപ്പ സർക്കാരിൽ വിദേശകാര്യമന്ത്രിയായിരുന്ന കിക്ക്വിറ്റി തൊണ്ണൂറ് ശതമാനം വോട്ടോടു കൂടി അധികാരത്തിൽ വന്ന ഈ പൊതു തെരഞ്ഞെടുപ്പ് നേരിട്ട് നിരീക്ഷിക്കാൻ എനിക്കവസരമുണ്ടായി. ഒരു തെരഞ്ഞെടുപ്പ് നടക്കുകയാണെന്നുള്ള യാതൊരു ചലനവും ആ നാട്ടിലുണ്ടായിരുന്നില്ല. നമ്മുടെതു പോലെ പ്രചരണകോലാഹലങ്ങളും പൊടിപൂരവുമൊന്നും അവിടെ കാണാനില്ല. ഗ്രാമത്തിൽ തെരഞ്ഞെടുപ്പിന്റെ കാഹളങ്ങൾ ഒട്ടും തന്നെ എത്തിയിരുന്നില്ല എന്നു തന്നെ തോന്നി. വോട്ടെടുപ്പ് ദിവസം പ്രത്യേകതയൊന്നുമില്ലാതെ എല്ലാവരും പോളിങ് ബൂത്തുകളിൽ ചെല്ലുകയും വോട്ടു രേഖപ്പെടുത്തി മടങ്ങുകയും ചെയ്യുന്നത് ഒരു അസാധാരണ കാര്യമായി തോന്നി. ഒരു പക്ഷെ ഇത് രാഷ്ട്രീയപരമായി ജനങ്ങൾക്കുള്ള അവഗാഹത്തിന്റെ കുറവായിരിക്കും. ഒരു പക്ഷെ അതു തന്നെയായിരിക്കാം ആഗോളവൽക്കരണനയങ്ങളുടെ ഭാഗമായി ജീവിത സാഹചര്യങ്ങൾ ഇത്രയധികം നിഷേധിക്കപ്പെട്ടിട്ടും ഒരു ജനകീയ സമരം അവിടെ രൂപപ്പെട്ടു വരാതിരിക്കുന്നതും.

മൊത്തം ടാൻസാനിയയിലെ 20% ജനങ്ങൾക്ക് മാത്രമാണ് വൈദ്യുതി ലഭിക്കുന്നത്. അതു തന്നെ ഗാർഹിക ആവശ്യങ്ങൾക്ക് ഏതാണ്ട് 9 രൂപയും അതിന്റെ 16% VAT നികുതിയും നൽകേണ്ടതായി വരുന്നു. സർക്കാർ മേഖലയിലുള്ള ടെലിഫോൺ സമ്പ്രദായം ഒട്ടും തന്നെ നിലനിൽക്കുന്നില്ലാത്ത ഈ രാജ്യത്ത്, ആഗോളഭീമൻമാരായ Celltell, Mobitell തുടങ്ങിയ കമ്പനികളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. സർക്കാരിന് യാതൊരു നിയന്ത്രണവുമില്ലാത്ത ഈ മേഖല പൂർണ്ണമായും നിയന്ത്രിക്കുന്നത് സ്വകാര്യകമ്പനികൾ മാത്രമാണ്. Land phone എന്നത് ജനങ്ങൾക്ക് അറിവില്ലാത്ത കാര്യമാണ് എന്ന് തോന്നിപ്പോകും. സ്വകാര്യ കമ്പനികൾ മുഴുവനും മൊബൈൽ ഫോൺ ദാതാക്കൾ മാത്രമാണ്. ജനങ്ങൾക്ക് വാർത്താവിനിമയ സംവിധാനങ്ങൾ നൽകുക എന്ന ഏർപ്പാടിനൊന്നും സർക്കാരിന് സമയമില്ല; പണവുമില്ല. ആവശ്യമുള്ളവർ സ്വകാര്യകമ്പനികൾ ആവശ്യപ്പെടുന്ന കാശു കൊടുത്ത് സൗകര്യങ്ങൾ ഉപയോഗിക്കുക, അത്രമാത്രം. അതു കൊണ്ടു തന്നെ Mobile phone നിരക്ക് ഇന്ത്യയിലെതുമായി താരതമ്യം ചെയ്യുമ്പോൾ പത്തിരട്ടിയിൽ കൂടുതലാകും. അതായത് ഒരു മിനിറ്റ് വിളിക്കുന്നതിന് 300 ഷില്ലിങ് (ഏതാണ്ട് 13 രൂപ!!!). ഒരു Message അയയ്ക്കുന്നതിന് 2 രൂപ. നമ്മുടെ BSNL ഉം ഭാവിയിൽ സ്വകാര്യവൽക്കരിക്കുന്നതിലൂടെ നമ്മളും നേരിടാൻ പോകുന്നത് ടാൻസാനിയക്കാരുടെ അനുഭവം തന്നെയായിരിക്കും.

പൊതു വിദ്യാഭ്യാസ രീതി വളരെ ദുർലഭമായി ഇന്നും തുടർന്നു പോകുന്നുണ്ട്. സെക്കണ്ടറി തലം വരെ ഏറെക്കുറെ സൗജന്യമായ വിദ്യാഭ്യാസ സമ്പ്രദായം നിലനിൽക്കുന്നു. അത്തരം സ്കൂളുകൾ വളരെ വിരളമാണ്. നമ്മുടെ നാട്ടിലെതു പോലെ തന്നെ, ഒരു പക്ഷെ നമ്മുടെ നാട്ടിലുള്ളതിനെക്കാൾ കൂടുതലായി സ്വകാര്യ വിദ്യാഭ്യാസരീതി അവിടെ എല്ലായിടത്തും പ്രചാരത്തിലായിക്കഴിഞ്ഞു. സൗജന്യ വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത സ്ഥലങ്ങളിലെ കുട്ടികൾ ഇന്നും സ്കൂളിൽ പോകാറില്ല. എന്നാൽ ഹയർ സെക്കണ്ടറിക്കു ശേഷമുള്ള ഉന്നത വിദ്യാഭ്യാസം പൂർണ്ണമായിത്തന്നെ സ്വകാര്യ മേഖലയിലാണെന്നു പറയാം. അതു കൊണ്ടു തന്നെ ഉന്നതവിദ്യാഭ്യാസം എന്നുള്ളത് സാധാരണക്കാരന് അപ്രാപ്യമായ കാര്യമായി മാറിക്കഴിഞ്ഞിരിക്കുന്നു. ടാൻസാനിയയിൽ ആകപ്പാടെ ഒരു യൂണിവാഴ്സിറ്റി മാത്രമാണ് ഉള്ളത് എന്നറിയുമ്പോൾ ഉന്നതവിദ്യാഭ്യാസരംഗത്തെ കാര്യക്ഷമത എത്ര മാത്രമാണെന്ന് മനസ്സിലാകും. ഇക്കാരണങ്ങളൊക്കെക്കൊണ്ടു തന്നെ എഞ്ചിനീയറിങ് മേഖലകളിലും മറ്റു തൊഴിൽ രംഗങ്ങളിലും വിദേശ ആധിപത്യമാണ് കൂടുതലായി നിലനിൽക്കുന്നത്. അഴിമതിയുടെ കാര്യത്തിൽ ഇന്ത്യ ടാൻസാനിയക്കാരോളം മുന്നോട്ടു പോയിട്ടില്ല! പൊതുമേഖലകളിൽ നിറഞ്ഞുനിൽക്കുന്ന അഴിമതി നമുക്ക് ചിന്തിക്കാൻ പറ്റുന്നതിലും എത്രയോ മടങ്ങ് ഭീകരമാണ്. നിർമ്മാണമേഖലയിൽ ഭൂരിഭാഗവും ഇന്ത്യൻ കമ്പനിയടക്കമുള്ളവരുടെ കൈകളിലാണ്. ഏകദേശം ഒരു ലക്ഷം രൂപയ്ക്ക് തീർക്കാവുന്ന ഒരു പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് സർക്കാർ ഉദ്യോഗസ്ഥർ തയ്യാറാക്കുന്നത് അൻപതു ലക്ഷം രൂപയ്ക്കു മുകളിലായിരിക്കും. അതനുസരിച്ച് പണിയേറ്റെടുക്കുന്ന ഒരു നിർമ്മാണകമ്പനി അവർക്കു കിട്ടുന്ന അധികവരുമാനത്തിന്റെ ഒരു നിശ്ചിതശതമാനം സർക്കാർ ഉദ്യോഗസ്ഥർക്കും കൊടുക്കുന്നതിലൂടെ എല്ലാ പണികളും അംഗീകരിക്കപ്പെട്ടിരിക്കും. സർക്കാർ ഉദ്യോഗസ്ഥർക്ക് വൻകോഴ കിട്ടുന്നതോടൊപ്പം തന്നെ ജനങ്ങളുടെ നികുതിപ്പണം കൊണ്ട് കൺസ്ട്രക്ഷൻ കമ്പനിയും തടിച്ചു കൊഴുക്കും. ഒരു ഭാഗത്ത് ജനങ്ങൾ അടിസ്ഥാന സൗകര്യങ്ങളും ഭക്ഷണവുമില്ലാതെ നരകിക്കുകയും കൂടുതൽ കൂടുതൽ പ്രാന്തവൽക്കരിക്കുകയും ചെയ്യുമ്പോൾ മറു ഭാഗത്ത് സ്വാധീനമുള്ള ഇത്തരം ന്യൂനപക്ഷവിഭാഗങ്ങൾ ഒരു രാജ്യത്തിന്റെ മൊത്തം വരുമാനവും സ്വകാര്യ മൂലധനമാക്കി മാറ്റുകയും ചെയ്യുമെന്നുള്ളതാണ് ആഗോളവൽക്കരണത്തിന്റെ ഏറ്റവും നല്ല ടാൻസാനിയൻ ഉദാഹരണം. ഈയവസ്ഥ തുടരുന്നതോടു കൂടി സാധാരണ ജനങ്ങൾക്ക് ഒരിക്കലും മുഖ്യധാരയിലേക്കെത്തിപ്പെടുവാൻ കഴിയാതിരിക്കുകയും അവർ അതിജീവനത്തിനു വേണ്ടി തങ്ങളുടെ അധ്വാനം ഇനിയും തുച്ഛമായ വിലയ്ക്ക് വിൽക്കാൻ തയ്യാറാകുകയും ചെയ്യും എന്നുള്ളതാണ് ഈ വികസന രീതിയുടെ മുഖ്യ അജണ്ട എന്ന് ടാൻസാനിയയിലെ പ്രത്യക്ഷ ഉദാഹരണത്തിലൂടെ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

*(അവസാനിച്ചു)*

*സിഗ്മ ഇലക്ട്രോണിക്സ്, ആലക്കോട്, കണ്ണൂർ*

ഡോക്ടർമാരുടെ സമരവും അനാസ്ഥയും കാരണം നമ്മുടെ ജനകീയ ആരോഗ്യമേഖല തകരുന്ന പശ്ചാത്തലത്തിൽ...

# നമ്മുടെ ഡോക്ടർമാർ ചെയ്യേണ്ടത് പാടില്ലാത്തത്

*(കഴിഞ്ഞലക്കം തുടർച്ച)*

ഡോക്ടർമാരുടെ തൊഴിൽസംബന്ധമായ പെരുമാറ്റരീതി, മര്യാദ, ധാർമ്മികത എന്നിവ സംബന്ധിച്ച

## മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നോട്ടിഫിക്കേഷൻ

No. MCI-211(2)/2001/Registration

പരിഭാഷ : അഞ്ജലി

**അദ്ധ്യായം-5**

ഒരു ചികിത്സകന് പൊതുജനത്തോടും ചികിത്സാരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ജീവനക്കാരോടും ഉള്ള കടമകൾ:

5.1. പൗരൻ എന്ന നിലയിൽ: ചികിത്സകർ പ്രത്യേക പരിശീലനം ലഭിച്ച നല്ല പൗരന്മാർ എന്ന നിലയിൽ പൊതുജനാരോഗ്യസംബന്ധമോ വിഷയങ്ങളിൽ വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകണം. പൊതുനന്മക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ നിലനിർത്തുന്നതിലും പൊതുജനാരോഗ്യസംബന്ധമായ നിയമങ്ങളും നിയന്ത്രണങ്ങളും നടപ്പിലാക്കുന്നതിലും അധികാരികളുമായി സഹകരിക്കുകയും വേണം.

5.2. പൊതുസമൂഹത്തിന്റെ ആരോഗ്യവുമായി ബന്ധപ്പെട്ടവ: ചികിത്സകർ പ്രത്യേകിച്ചും പൊതുജനാരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവർ രോഗങ്ങൾ പകരാതിരിക്കാനും സാംക്രമിക രോഗങ്ങളും പകർച്ചവ്യാധികളും പൊട്ടിപ്പുറപ്പെടാതിരിക്കാനും എടുക്കേണ്ടതായ മുൻകരുതലുകളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്. തന്നെ ചികിത്സക്കായി സമീപിച്ചിട്ടുള്ള ആർക്കെങ്കിലും സാംക്രമികരോഗം പിടിപെട്ടിട്ടുള്ളതായി കണ്ടാൽ ഉടനെത്തന്നെ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്. ഒരു പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടാൽ, രോഗം തനിയ്ക്കു പിടിപെടാനുള്ള സാദ്ധ്യത പരിഗണിച്ച് തന്റെ ചുമതലയിൽനിന്നും പിൻവാങ്ങരുത്.

5.3. ഒരു ചികിത്സകൻ ഫാർമസി, നഴ്സിംഗ് തുടങ്ങി വൈദ്യവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് മേഖലകളുടെ ആവശ്യകത തിരിച്ചറിയുകയും അവയെ അംഗീകരിക്കുന്നതിനും വളർത്തുന്നതിനും ശ്രമിക്കുകയും വേണം.

**അദ്ധ്യായം-6**

6.1. ഒരു ചികിത്സകൻ താഴെ പറയുന്ന വിധത്തിലുള്ള അധാർമ്മിക പ്രവൃത്തികളിൽ ഏർപ്പെടുകയോ അതിന് സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യരുത്.

6.1.1. ഒരു ചികിത്സകനോ അല്ലെങ്കിൽ പല ചികിത്സകർ സംഘമായോ ചികിത്സകരുടെ ഒരു സ്ഥാപനത്തിന്റെ പേരിലോ തങ്ങളെ സന്ദർശിക്കുവാൻ രോഗികളോട് പ്രത്യക്ഷമായോ പരോക്ഷമായോ (ആവശ്യപ്പെടുന്നത്) അപേക്ഷിക്കുന്നത് തൊഴിൽ സദാചാരത്തിന് വിരുദ്ധമാണ്. ഒരു ചികിത്സകൻ തനിച്ചോ മറ്റുള്ളവരുമായി ചേർന്നോ തന്റെ ജോലിയിലുള്ള വൈദഗ്ദ്ധ്യം യോഗ്യത, നേട്ടങ്ങൾ, പ്രത്യേകതകൾ തുടങ്ങി സ്വയം ഉയർത്തിക്കാട്ടുന്നതിനുതകുന്ന രീതിയിലുള്ള ഒരു പരസ്യത്തിനോ പ്രചരണത്തിനോ തന്നെയോ തന്റെ പേരോ ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഒരു ചികിത്സകനും പ്രതിഫലത്തിനുവേണ്ടിയോ അല്ലാതെയോ ഏതെങ്കിലും ഒരു മരുന്നിന്റെയോ രഹസ്യ ഔഷധത്തിന്റെയോ ശസ്ത്രക്രിയയ്ക്കോ ചികിത്സയ്ക്കോ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെയോ ഏതെങ്കിലും ഉൽപനങ്ങളുടെയോ സ്വഭാവത്തെപ്പറ്റിയോ ഉപയോഗത്തെപ്പറ്റിയോ ഗുണത്തെപ്പറ്റിയുള്ള ഒരു സമ്മതിപത്രമോ ശുപാർശയോ യോഗ്യതാപത്രമോ പ്രസ്താവനയോ നൽകുന്നതിനോ അവയെപ്പറ്റിയുള്ള എന്തെങ്കിലും പരീക്ഷണമോ പ്രദർശനമോ നടത്തുന്നതിനോ തന്റെ പേരോ ഒപ്പോ ഫോട്ടോയോ ചേർത്ത് ഒരു രീതിയിലും പരസ്യപ്പെടുത്തുവാൻ അനുവദിക്കരുത്. മാത്രമല്ല താൻ ചികിത്സിച്ച ഏതെങ്കിലും രോഗത്തെയോ നടത്തിയ ഒരു ശസ്ത്രക്രിയയെയോ രോഗശമനം ഉണ്ടായതിനെയോ പറ്റിയുള്ള അതിശയോക്തിപരമായ വിവരങ്ങൾ പ്രചരിപ്പിക്കുകയോ പ്രസിദ്ധീകരിക്കാൻ അനുവദിക്കുകയോ ചെയ്യരുത്. ഒരു ചികിത്സകന് താഴെ പറയുന്ന കാര്യങ്ങൾക്കുവേണ്ടി പത്രപ്രസ്താവന നടത്താവുന്നതാണ്.

1. ചികിത്സ തുടങ്ങുന്നതിനെപ്പറ്റി
2. ചികിത്സാ രീതിയിൽ വരുത്തുന്ന മാറ്റത്തെപ്പറ്റി
3. മേൽവിലാസം മാറുന്നതിനെപ്പറ്റി
4. താൽക്കാലികമായി ജോലിയിൽനിന്നും വിട്ടുനിൽക്കുന്നതിനെപ്പറ്റി.
5. വേറെ ഏതെങ്കിലും സ്ഥലത്തെ ചികിത്സ ഏറ്റെടുക്കുന്നതിനെപ്പറ്റി.
6. വേറെ ഏതെങ്കിലും സ്ഥലത്തെ ചികിത്സ നിർത്തുന്നതിനെപ്പറ്റി.
7. ഏറ്റെടുത്തിട്ടുള്ള ചുമതലകളെപ്പറ്റിയുള്ള അറിയിപ്പ്

6.1.2. സ്വന്തം ഫോട്ടോയോ അതുപോലുള്ള മറ്റെന്തെങ്കിലും പ്രചരണ ഉപാധികളോ തന്റെ മരുന്ന് കുറിപ്പുകളിലോ പരിശോധന മുറിയുടെ ബോർഡിലോ പ്രദർശിപ്പിക്കുന്നതും സ്വയം പരസ്യം ചെയ്യുന്നതിനു തുല്യവും അധാർമ്മികവുമായി കണക്കാക്കപ്പെടുന്നതാണ്. മനുഷ്യശരീരത്തിന്റെ പ്രവർത്തനത്തെപ്പറ്റിയുള്ള ചിത്രങ്ങളും മറ്റും പ്രദർശിപ്പിക്കുന്നതിനെ അത്തരത്തിൽ കണക്കാക്കുന്നതല്ല.

*(തുടരും)*